VOL. 3 ISSUE 6 2015 SEPTEMBER

THE KCS NEWS

www.kcschicago.com www.facebook.com/ChicagoKCS

KNANAYA CATHOLIC SOCIETY OF CHICAGO



PATRON:
ARCH BISHOP RT. REV. DR. MATHEW MOOLAKATT
SPIRITUAL DIRECTOR :
REV. FR. ABRAHAM MUTHOLATH

PRESIDENT : JOSE KANIYALY
SECRETARY : JEENO KOTHALADIYIL
NEWS EDITOR : NAIJU MANAKATT

ജെയിംസ് കുശകുഴിയിൽ
ക്നാനായ കർഷകശ്രീ

ഈ വർഷം സമ്മറിൽ ഏറ്റവും നല്ല പച്ചക്കറിത്തോട്ടം ഉണ്ടാക്കിയ ക്നാനായ കർഷകന്, കെ. സി. എസ് പ്രഖ്യാപിച്ച ക്നാനായ കർഷകശ്രീ പുരസ്കാരത്തിന് ജെയിംസ് കുശകുഴിയിൽ (കരോൾസ്ട്രീം) അർഹനായി. വ്യത്യസ്തങ്ങളായ 31 ഇനത്തിലുള്ള കാർഷിക വിഭവങ്ങൾ ജെയിംസിന്റെ പച്ചക്കറിത്തോട്ടത്തിലുണ്ട്. ജോജോ ഇടകര (ചിക്കാഗോ), ജോസഫ് പുതുശ്ശേരിൽ (ബോളിംഗ് ബ്രൂക്ക്), എന്നിവർ പ്രോത്സാഹനസമ്മാനത്തിനർഹരായി.

ജെയിംസ് കുശകുഴിയിൽ



ജോജോ ഇടകര

ജോസഫ് പുതുശ്ശേരിൽ

പ്രൊഫ. ഷീല സ്റ്റീഫൻ മുഖ്യാതിഥി
ക്നാനായ നൈറ്റ് നവംബർ 7ന് ശനിയാഴ്ച

കെ.സി.എസിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ക്നാനായ നൈറ്റ് നവംബർ 7-ാം തീയതി ശനിയാഴ്ച വൈകുന്നേരം 6 മണി മുതൽ താഫ്റ്റ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നതാണ്. കെ.സി.എസിന്റെ പോഷകസംഘടനകൾ നടത്തുന്ന കലാപരിപാടികളോടെയായിരിക്കും ക്നാനായ നൈറ്റ് ആരംഭിക്കുക. ബി.സി.എം. കോളേജ് പ്രിൻസിപ്പാൾ പ്രൊഫ. ഷീലാ സ്റ്റീഫൻ മുഖ്യാതിഥിയായിരിക്കും.

ജില്ലാ പഞ്ചായത്ത വൈസ് പ്രസിഡന്റ്, കേരള വനിതാ കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ്, ഗാന്ധിജി സ്റ്റഡി സെന്റർ ഡയറക്ടർ, കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റി ബോർഡ് മെമ്പർ എന്നീ നിലകളിൽ പ്രൊഫ. ഷീലാ സ്റ്റീഫൻ പ്രവർത്തിക്കുന്നു. 1991 മുതൽ ഇടുക്കി ജില്ലാ പഞ്ചായത്തംഗമാണ്. 2005ലും 2010ലും ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്നു. കോട്ടയം അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. ക്നാനായ കത്തോലിക്കാ കോൺഗ്രസിന്റെ പ്രതിഭാ അവാർഡ്, കേരളാ ലിറ്ററസി മിഷന്റെ അവാർഡ്, വനിതാ ക്ഷേമ വകുപ്പിന്റെ അവാർഡ് എന്നിവ നേടിയിട്ടുണ്ട്.

കെ.സി.എസ്. വിമൻസ് ഫോറം ദമ്പതികൾക്കു വേണ്ടി നവംബർ 8ന് ഞായറാഴ്ച വൈകുന്നേരം 6 മണിക്ക് കമ്മ്യൂണിറ്റി സെന്ററിൽ വെച്ച് ഒരു സെമിനാർ സംഘടിപ്പിക്കുന്നു. പ്രൊഫ. ഷീലാ സ്റ്റീഫൻ ക്ലാസെടുക്കും. എല്ലാ ദമ്പതികളേയും ഈ സെമിനാറിലേക്ക് വിമൻസ് ഫോറം ഭാരവാഹികൾ ക്ഷണിക്കുന്നു.

ക്നാനായ ഒളിംബിക്സ് സെപ്റ്റംബർ 20ന്

ജെയിംസ് കോലടിയിൽ

ജെസ്റ്റിൻ തെങ്ങനാട്ട്

ക്നാനായ ഒളിംബിക്സ് സെപ്തംബർ 20ന് ഞായറാഴ്ച 12 മണി മുതൽ 7 മണി വരെ മോർട്ടൻ ഗ്രാവിലെ സെന്റ് പോൾ വുഡ്സിൽ വെച്ച് നടത്തപ്പെടുന്നു. മത്സരങ്ങൾ കൃത്യസമയത്തു തന്നെ നടത്തപ്പെടുന്നതാണ്. ഔട്ട് ഡോർ കമ്മറ്റി അംഗങ്ങളായ ജെയിംസ് കോലടിയിൽ (ചെയർമാൻ), ജോർജ് ഏലൂർ, സുനിൽ കോയിത്തറ, ജേക്കബ് മണ്ണാർകാട്ടിൽ, ജോയൽ ഇലക്കാട്ട്, ഡിബിൻ വിലങ്ങുകല്ലേൽ, എബിൻ കുളത്തിൽ കരോട്ട് എന്നിവർ ഒളിംബിക്സിന് നേതൃത്വം നൽകും. ഫൊറോനാ ഗ്രൂപ്പുകൾ താഴെപ്പറയുന്നതുപോലെയാണ്.

1) കിടങ്ങൂർ & രാജപുരം : കോർഡിനേറ്റർമാർ : ലിജോ മുണ്ടപ്ലാക്കൽ, ജ്യോതിഷ് തെങ്ങനാട്ട്, 2) ഉഴവൂർ & മടമ്പം : കോർഡിനേറ്റർമാർ : മനോജ് അമ്മായിക്കുന്നേൽ, ഷൈബു കിഴക്കേക്കുറ്റ്., 3) കൈപ്പുഴ & കടുത്തുരുത്തി: കോർഡിനേറ്റർമാർ : പുന്നൂസ് തച്ചേട്ട്, അജോമോൻ പൂത്തുറയിൽ, 4) കോട്ടയം & ചുങ്കം : കോർഡിനേറ്റർമാർ : സിബു കളങ്ങര, ജെയിംസ് പാട്ടപ്പതി.

ജെയിംസ് കോലടിയിൽ, ജെസ്റ്റിൻ തെങ്ങനാട്ട് എന്നിവരെ ജനറൽ കൺവീനർമാരായി പ്രസിഡന്റ് ജോസ് കണിയാലിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ക്നാനായ ഒളിമ്പിക്സ് കമ്മറ്റിയോഗം തെരഞ്ഞെടുത്തു. സെപ്റ്റംബർ 20 ന് ഞായറാഴ്ച രാവിലെ 10 മണി മുതൽ 12 മണിവരെ മത്സരങ്ങൾക്ക് വേണ്ടി ക്രമീകരണങ്ങൾ നടത്തപ്പെടും. 12 മണിക്ക് വിവിധ ഫൊറോനകളുടെ നേതൃത്വത്തിൽ നടക്കുന്ന മാർച്ച് പാസ്റ്റോടുകൂടിയാണ് ക്നാനായ ഒളിമ്പിക്സ് ആരംഭിക്കുന്നത്.

President's message

ഐക്യം നമ്മുടെ ശക്തി

ചിക്കാഗോ ക്നാനായ സമൂഹത്തിന്റെ ഐക്യവും സഹകരണവും വിളിച്ചറിയിക്കുന്ന ഒന്നായിരുന്നു ഈ വർഷത്തെ നമ്മുടെ ഓണാഘോഷം. സെപ്റ്റംബർ 12-ാം തീയതി ശനിയാഴ്ച ക്നാനായ ഒളിമ്പിക്സ് നടത്തുവാൻ തീരുമാനിച്ചിരുന്നതാണെങ്കിലും അന്നേദിവസം നമ്മുടെ ഫൊറോനായുടെ ആഭിമുഖ്യത്തിൽ ബൈബിൾ കലോത്സവം നടക്കുന്നതുകൊണ്ടാണ് സെപ്റ്റംബർ 20-ാം തീയതിയിലേക്ക് അത് മാറ്റേണ്ടി വന്നത്. കെ. സി. എസിന്റെ അഭ്യർത്ഥനയെ മാനിച്ച് അന്നേദിവസത്തെ വേദപാഠം മാറ്റിവച്ച് നമ്മുടെ കുട്ടികൾക്കു കൂടി ക്നാനായ ഒളിമ്പിക്സിൽ പങ്കെടുക്കാനുള്ള അവസരം സൃഷ്ടിക്കാമെന്ന് ഓണാഘോഷവേദിയിൽ വച്ച് ബഹുമാനപ്പെട്ട മുളവനാൽ അച്ചനും, മുത്തോലത്ത് അച്ചനും പ്രഖ്യാപിച്ചത് സാമുദായിക ഐക്യത്തിന്റെ മറ്റൊരു ഉദാഹരണമാണ്. അതിന് സന്മനസ്സു കാണിച്ച റവ. ഫാ. തോമസ് മുളവനാൽ, റവ. ഫാ. അബ്രഹാം മുത്തോലത്ത് എന്നിവരോടുള്ള നന്ദി ഒരിക്കൽകൂടി അറിയിക്കുന്നു.

കെ. സി. എസിന്റെ ആഭിമുഖ്യത്തിൽ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടത്തുകയെന്നതാണ് ഞങ്ങളുടെ ആഗ്രഹവും ലക്ഷ്യവും. എങ്കിൽ മാത്രമേ ഈ സംഘടന കൂടുതൽ ശക്തമായി നിലനിൽക്കുകയുള്ളു. സമുദായ സ്നേഹികളുടെ പങ്കാളിത്തവും പ്രോത്സാഹനവും ഞങ്ങൾ പ്രതീക്ഷിക്കുന്നു. പതിനേഴ് നൂറ്റാണ്ടുകളുടെ ചരിത്രം അവകാശപ്പെടാവുന്ന നാം സഹകരിച്ചും സംഘടിച്ചും പ്രവർത്തിച്ചു പോന്നതുകൊണ്ടാണ് കേരളത്തിൽ സമ്പന്നമായ പാരമ്പര്യമുള്ള ഒരു സമൂഹമായി നിലനിൽക്കുവാൻ കഴിയുന്നത്. അതേ സാഹചര്യം വടക്കേ അമേരിക്കയിലും നമ്മൾ നിലനിർത്തണം. നമ്മുടെ ഐക്യം ഊട്ടി ഉറപ്പിക്കപ്പെട്ടാൽ നൂറ്റാണ്ടുകളിൽ കൂടിയുള്ള ഈ തീർത്ഥാടകസംഘത്തിന്റെ യാത്ര അഭംഗുരം തുടരുക തന്നെ ചെയ്യും. അപ്പോൾ ആർക്കും നമ്മുടെ വഴിമുടക്കാനാവില്ല. അതിനുള്ള വേദിയായി ചിക്കാഗോ കെ. സി. എസ് എന്നും എക്കാലവും നിലനിൽക്കട്ടെ.

ജോസ് കണിയാലി
(പ്രസിഡന്റ്)

Editors Message

സംഘടിത ശക്തിയായി വളരുക

ജാതിമതഭേദമെന്യേ പ്രവാസി മലയാളികളിൽ ഗൃഹാതുരസ്മരണയുണർത്തുന്ന വസന്തോത്സവമായ തിരുവോണം നമ്മൾ ആഘോഷിച്ചു കഴിഞ്ഞു. ഓണത്തിനു സമാനമായ ഉത്സവങ്ങൾ ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളിലും ഓരോരോ പേരുകളിലും പലതരം കഥകളുടെ പിൻബലത്തിലും ആഘോഷിക്കപ്പെടുന്നു. കാർഷിക സംസ്കാരം കേരളത്തിനന്യമായിക്കൊണ്ടിരിക്കുകയാണെങ്കിലും ഓണാഘോഷം പഴയതുപോലെ തന്നെ നിലനിൽക്കുന്നത് സന്തോഷകരമാണ്. കെ. സി. എസ്. സംഘടിപ്പിച്ച ഓണാഘോഷം വമ്പിച്ച ജനപങ്കാളിത്തത്തോടെ ചിട്ടയായി നടത്തുവാൻ കഴിഞ്ഞതിൽ നമുക്കഭിമാനിക്കാം. ഉടൻ നടക്കുവാൻ പോകുന്ന ക്നാനായ ഒളിമ്പിക്സ്, കലാമേള, ക്നാനായ നൈറ്റ് തുടങ്ങിയ പരിപാടികളും വൻ വിജയമാക്കി മാറ്റുവാൻ നമുക്ക് ഒറ്റക്കെട്ടായി പരിശ്രമിക്കാം. കൂടുതൽ ഐക്യബോധത്തോടെ സംഘടിതശക്തിയായി സമുക്ക് മുന്നേറാം.

നൈജു മണക്കാട്ട് (എഡിറ്റർ)

കെ.സി.എസ് വിനോദയാത്ര ഒക്ടോബർ 10ന്

കെ. സി. എസിന്റെ നേതൃത്വത്തിൽ ഇൻഡ്യാനയിലെ സെന്റ് ജോസഫ് നഗരത്തിലേക്ക് ഒരു ഏകദിന വിനോദയാത്ര ഒക്ടോബർ 10ന് ശനിയാഴ്ച നടത്തപ്പെടുന്നു. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 50 പേർക്കായിരിക്കും അവസരം. ഒരാളുടെ ചെലവ് 50 ഡോളറായിരിക്കും. പങ്കെടുക്കുന്നവർ അന്നേദിവസം രാവിലെ 7 മണിക്ക് കമ്യൂണിറ്റി സെന്ററിൽ എത്തണം. പ്രഭാതഭക്ഷണത്തിനു ശേഷം 7.30 ന് ബസ് പുറപ്പെടും. വൈകിട്ട് 8 മണിക്ക് തിരിച്ചെത്തും. ബീച്ച്, പോർട്ട്, പുരാതന ദേവാലയങ്ങൾ, ലൈറ്റ് ഹൗസ്, വൈൻ ടേസ്റ്റിംങ്ങ്, ബോട്ടിംഗ്, ഫിഷിംഗ്, വാട്ടർ സ്കൂട്ടർ - തുടങ്ങിയ കാര്യങ്ങൾ കാണുവാനും പങ്കെടുക്കുവാനും അവസരമുണ്ടായിരിക്കും. താല്പര്യമുള്ളവർ പേര് രജിസ്റ്റർ ചെയ്യുക.

റോയി നെടുംചിറ - 630-806-1270

KCS WARDS

WARD 1: Addison, Barrington, Bartlett, Bensenville, Bloomingdale, Carol Stream, Elmwood Park, Glen Ellyn, Glendale Heights, Hoffman Estates, Itasca, Melrose Park, Roselle, Schaumburg, Streamwood, Oak Park, Villa Park, Wooddale, Algonquin, Carpentersville, Lombard

WARD 2: Aurora, Burr Ridge, Darien, Elmhurst, Downers Grove, Naperville, Oswego, Westmont, Woodridge, Lisle, Bolingbrook, Lemont

WARD 3: Orland Park, Flossmoor, Oak Forest, Palos Hills, Tinley Park, Urbana, Woodstock, Rockford, Peoria, Springfield, Sugar Grove, Indiana, Wisconsin, Iowa, Missouri

WARD 4: (East of Dee Rd) Des Plaines East

WARD 5: Morton Grove, Niles, Park Ridge

WARD 6: Skokie, Lincolnwood, Chicago

WARD 7: Des Plaines West (west of Dee Rd), Mount Prospect, Arlington Heights, Prospect Heights

WARD 8: Glenview, Northbrook, Gurnee, Wheeling, Lake Zurich, Vernon Hills, Grayslake, Round Lake, Long Grove, Riverwood, Palatine

KCS SPORTS DATES

Cricket:
September 19th, Saturday 2pm: Dee Park
10/10 Match
4 Forana will be representing

Soccer:
TBD

Badminton:
September 27th, Sunday 2pm:
`Eagert Badminton Club, Schaumburg
Middle School, High School and Up

Card Games
December 5,6(Saturday,Sunday)

EXECUTIVE BOARD
PRESIDENT
JOSE KANIYALY
630-728-7956
VICE PRESIDENT
ROY NEDUMCHIRA
630-806-1270
SECRETARY
JEENO KOTHALADYIL
847-312-8488
JOINT SECRETARY
SUNNY IDIYALIL
847-338-6872
TREASURER
STEPHEN KIZHAKKEKUTTU
773-671-9864

LEGISLATIVE BOARD
Tomy Kannala (Chairman)
Biju Kannachanparambil (Vice Chairman)
FINANCE COMMITTEE
Saji Thekkumkattil (Chairman)
Alex Mullapallil
Mathew Thattamattathil
Dileep Madhavapallil

OURDOOR COMMITTEE
James Koladiyil (Chairman)
George Ealoor
Sunil Koithara
Jacob Mannarkattil
Jowyal Elakkatt
Dibin Vilangukallel
Abin Kulathilkarottu

ENTERTAINMENT COMMITTEE
Denny Pullapallil (Chair Person)
Prathibha Thachet
Predeep Muringoth

NEWS LETTER
Naiju Manakatt (Editor)
Xavier Madathilparambil
Abrham(kunjumon) Kalliduckil
Laly Mukalel

MEMBERSHIP
Anand Akasala (Chairman)
Thomas Ottapallil

LITURGY
Tomy Plathottathil (Chairman)
Peena Manappallil

LAISON BOARD
Jose Simon Mundaplackal (Chairman)
Sabu Padinjarel (Vice Chairman)
Jomon Chakariyamthadathil
Teddy Muzhayanmakkal
Mathadas Ottathycal

BUILDING BOARD
Shaji Edat
Binu Poothurail

NATIONAL COUNCIL MEMBERS
Tinu Paranjattu (Youth Rep)
Daly Kadamuriyil (Women Rep)
Cyriac Puthenpurayil
Jose Manakkatt
Thankachan Vettikattil
Thomas Poothakary
Zacharia Chelackal

Auditor
Jaibu Mathew Kulangara

കെ.സി.എസ് യുവജനോത്സവം-ഒക്ടോബർ 24ന്

1. കെ.സി.എസ് യുവജനോത്സവം ഒക്ടോബർ 24ന് ശനിയാഴ്ച രാവിലെ 9 മണിമുതൽ കമ്മ്യൂണിറ്റി സെന്ററിൽ വെച്ച് നടത്തപ്പെടുന്നതാണ്.
2. യുവജനോത്സവം -2015ന്റെ അംഗീകൃത രജിസ്ട്രേഷൻ ഫോറത്തിൽ 2015 ഒക്ടോബർ 15നകം ലഭിക്കുന്ന അപേക്ഷകൾ മാത്രമേ മത്സരത്തിൽ ഉൾപ്പെടുത്തുകയുള്ളു. ഇത് മത്സരങ്ങളുടെ വിജയകരമായ നടത്തിപ്പിന് അനിവാര്യമാണ്.
3. അപേക്ഷാ ഫീസ് രജിസ്ട്രേഷൻ ഫോറത്തോടൊപ്പം ചിക്കാഗോ കെ.സി.എസിന്റെ പേരിലുള്ള ചെക്കായോ ക്യാഷായോ നൽകേണ്ടതാണ്.
4. അപേക്ഷാഫീസ് ഓരോ ഇനങ്ങൾക്കും 10 ഡോളർ വീതമായിരിക്കും. ഗ്രൂപ്പ് ഇനങ്ങൾക്ക് ഓരോ ടീം അംഗവും 10 ഡോളർ വീതം നൽകേണ്ടതാണ്.
5. പുഞ്ചിരി മത്സരത്തിന് 5 ഡോളറായിരിക്കും ഫീസ്
6. ഒരാൾക്ക് പരമാവധി 5 സിംഗിൾ ഇനങ്ങളിൽ പങ്കെടുക്കാവുന്നതാണ്. ഗ്രൂപ്പ് ഇനങ്ങൾക്ക് ഈ നിയന്ത്രണം ബാധകമല്ല.
7. പങ്കെടുക്കുന്ന കുട്ടികളുടെ സ്കൂൾ ഗ്രേഡ് അടിസ്ഥാനത്തിലായിരിക്കും മത്സരങ്ങൾ നടത്തുക. സബ് ജൂനിയർ (കെ. ജി. -4), ജൂനിയർ (5-8), സീനിയർ (9-12) എന്നീ മൂന്ന് വിഭാഗങ്ങളിലായിരിക്കും മത്സരങ്ങൾ നടക്കുക.
8. സെക്ഷൻ - എ - നൃത്തം, സെക്ഷൻ - ബി - നൃത്തേതരം, സെക്ഷൻ - സി - ഗ്രൂപ്പ് എന്നിങ്ങനെ 3 വിഭാഗങ്ങളിൽ മത്സരങ്ങൾ നടത്തപ്പെടുന്നു. കലാതിലകം, കലാപ്രതിഭ എന്നീ സ്ഥാനങ്ങളിലേക്ക് പരിഗണിക്കപ്പെടുന്നവർ സെക്ഷൻ - എയിലും സെക്ഷൻ ബിയിലും സമ്മാനങ്ങൾ കരസ്ഥമാക്കിയിരിക്കണം. ഒന്നിൽ കൂടുതൽ പേർക്ക് ഒരേ സ്ഥാനത്തേക്ക് തുല്യമാർക്ക് വന്നാൽ അവരുടെ സെക്ഷൻ സിയിലെ സമ്മാനനിലയും, പോയിന്റും പരിഗണിക്കുന്നതാണ്. സെക്ഷൻ -എയിലും സെക്ഷൻ ബിയിലും സമ്മാനങ്ങൾ ലഭിക്കാത്തവർ ഉണ്ടാകുന്ന സാഹചര്യത്തിൽ സിംഗിൾ ഇനങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് കരസ്ഥമാക്കുന്നവരെ മേൽപ്പറഞ്ഞ സ്ഥാനങ്ങളിലേക്ക് പരിഗണിക്കുന്നതാണ്.
9. ഏതെങ്കിലും മത്സര ഇനങ്ങളിൽ മൂന്നിൽ കുറവ് മത്സരാർത്ഥികളാണുള്ളതെങ്കിൽ അത് ക്യാൻസൽ ചെയ്യുന്നതാണ്. മൂന്നുപേരാണ് ഉള്ളതെങ്കിൽ ഒന്നും രണ്ടും സമ്മാനങ്ങൾ മാത്രമെ ഉണ്ടായിരിക്കുകയുള്ളു. മൂന്നാം സ്ഥാനം ഉണ്ടായിരിക്കില്ല.
10. 1, 2, 3 സ്ഥാനം ലഭിക്കുന്ന വിജയികൾക്ക് യഥാക്രമം 5,2,1 എന്നീ ക്രമത്തിൽ പോയിന്റ് നൽകുന്നതാണ്.
11. 1, 2, 3 സ്ഥാനങ്ങൾ ലഭിക്കുന്ന വിജയികൾക്ക് സമ്മാനം നൽകുന്നതായിരിക്കും.
12. മത്സരങ്ങളിലെ ക്രമം, വേദി, മത്സരസമയം എന്നിവയിൽ യഥാസമയം മാറ്റം വരുത്തുന്നതിനുള്ള അധികാരം യുവജനോത്സവക്കമ്മറ്റിക്കായിരിക്കും.
13. മത്സരദിവസം തന്നെ ലഭ്യമാകുന്ന മുറയ്ക്ക് വിജയികളുടെ പേരുവിവരം അറിയിച്ചുകൊണ്ടിരിക്കുന്നതാണ്.
14. മത്സരവിധി നിർണ്ണയത്തിൽ ജഡ്ജിമാരുടെ തീരുമാനം അന്തിമമായിരിക്കും. ആക്ഷേപങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ യുവജനോത്സവക്കമ്മറ്റിയെ മത്സരം നടന്ന് 24 മണിക്കൂറിനുള്ളിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.
15. മത്സരാർത്ഥികൾ തങ്ങളുടെ ചെസ്റ്റ് നമ്പർ അന്നേദിവസം രാവിലെ 8.30 മുതൽ കമ്മ്യൂണിറ്റി സെന്ററിലെ യൂത്ത് ഫെസ്റ്റിവൽ ഹെൽപ് ഡെസ്കിൽ നിന്നും മേടിക്കേണ്ടതാണ്. മത്സരങ്ങളുടെ ഏകദേശസമയം കെ. സി. എസ് ഇ-മെയിൽ ഗ്രൂപ്പിലൂടെ നേരത്തെ അറിയിക്കുന്നതായിരിക്കും. മത്സരാർത്ഥികൾ കൃത്യസമയത്തുതന്നെ വരേണ്ടതാണ്.
16. ഫ്രാൻസിഡ്രസ് മത്സരത്തിൽ പഞ്ചാത്തലശബ്ദം അനുവദനീയമല്ല. മത്സരാർത്ഥികൾക്ക് കഥാപാത്രത്തിന് അനുയോജ്യമായ സംഭാഷണം സ്റ്റേജിൽ വരുത്താവുന്നതാണ്.
17. രജിസ്ട്രേഷൻ ഫോറം ലഭിക്കുന്ന മുറയ്ക്ക് ഇ-മെയിൽ അക്നോളജ്മെന്റ് അയക്കുന്നതാണ്.
18. രജിസ്ട്രേഷൻ ഫോറം സെപ്റ്റംബർ 15 മുതൽ കെ. സി. എസ് വെബ്സൈറ്റിൽ നിന്നും ലഭ്യമായിരിക്കും.
19. പ്രസംഗവിഷയം, സ്പെല്ലിംഗ് ബീ വേർഡ്സ് എന്നിവ കെ. സി. എസ്. വെബ്സൈറ്റിൽ നിന്നും ഒക്ടോബർ 10 മുതൽ ലഭ്യമായിരിക്കും. www.kcschicago.com
20. വിശദവിവരങ്ങൾക്ക് ഡെന്നി പുല്ലാപ്പള്ളിയുമായി ബന്ധപ്പെടുക. (Entertainment committee chairperson) (847)644-9418. E-mail: elizabethjacob2@yahoo.com

ഹോഫ്മാൻ എസ്റ്റേറ്റിൽ ക്നാനായ റിട്ടയർമെന്റ് ഹോമിനെപ്പറ്റി സർവേ

ക്നാനായ സമുദായാംഗങ്ങളുടെ വാർദ്ധ്യക്യകാലം സന്തോഷകരമാക്കുന്നതിന്റെ ഭാഗമായി കെ. സി. എസിന്റെ ഉടമസ്ഥതയിലുള്ള ഹോഫ്മാൻ എസ്റ്റേറ്റിലെ ഏഴ് ഏക്കർ സ്ഥലത്ത് ക്നാനായ റിട്ടയർമെന്റ് കോംപ്ലക്സ് നിർമ്മിക്കുന്നതിനെപ്പറ്റി സർവേ നടത്താൻ സോഷ്യൽ ബോഡി യോഗം നിർദ്ദേശിച്ചു. ഒന്നും രണ്ടും ബെഡ്റൂമുകളുള്ള കൺഡോമിനിയം കോംപ്ലക്സ്, അതിനോട് ചേർന്ന് ക്ലബ് ഹൗസ്, റിക്രിയേഷൻ സെന്റർ, ചാപ്പൽ, ജിംനേഷ്യം, ഭക്ഷണം പാകംചെയ്യുന്നതിനും നൽകുന്നതിനുമുള്ള സൗകര്യം തുടങ്ങിയ സീനിയർ റിട്ടയർമെന്റ് ഹോമിനാവശ്യമായ എല്ലാ സജ്ജീകരണങ്ങളും ഇതിനോട് ചേർന്ന് നിർമ്മിക്കേണ്ടതാണ്. കെ. സി. എസ്. ഈ പ്രോജക്ടുമായി മുന്നോട്ടു പോകുന്ന പക്ഷം നമ്മുടെ സമുദായത്തിൽ നിന്നും എത്രപേർക്ക് ഇതിനോട് സഹകരിക്കുവാൻ താല്പര്യമുണ്ടെന്നു 2015 ഒക്ടോബർ 31-ാം തീയതിക്കു മുമ്പായി താഴെപ്പറയുന്നവരെ ദയവായി അറിയിക്കുക. ഷാജി എടാട്ട് - (773) 616-4369, സിറിയക് കൂവക്കാട്ടിൽ - (630) 673-3382, ജോസ് കണിയാലി - (630) 728-7956

ഗൃഹാതുരസ്മരണകളുയർത്തിയ
ചിക്കാഗോ കെ.സി.എസ്. ഓണാഘോഷം

ഫാ. തോമസ് മുളവനാൽ

ഫാ. അബ്രഹാം മുത്തോലത്ത്

ജോസ് കണിയാലി

ജെസി മൈക്കിൽ തൊട്ടിച്ചിറ

റോയി നെടുംചിറ

ജീനോ കോതാലടിയിൽ

സ്റ്റീഫൻ കിഴക്കേക്കുറ്റ്

സണ്ണി ഇടിയാലിൽ

സക്കറിയ ചേലക്കൽ

പ്രതിഭ തച്ചേട്ട്

റ്റിനു പറഞ്ഞാട്ട്

ഡെന്നി പുല്ലാപ്പള്ളിൽ

സജി പൂതൃക്കയിൽ

ജീവൻ തൊട്ടിക്കാട്ട്

ജെസ്‌ലിൻ മുറിപ്പറമ്പിൽ

ക്നാനായ കാത്തലിക് സൊസൈറ്റിയുടെ ഓണാഘോഷപരിപാടികൾ ക്നാനായ കമ്മ്യൂണിറ്റി സെന്ററിൽ നിറഞ്ഞുകവിഞ്ഞ സദസ്സിനെ സാക്ഷിനിർത്തി വികാരി ജനറൽ ഫാ. തോമസ് മുളവനാൽ ഉദ്ഘാടനം ചെയ്തു. കെ.സി.എസ്. പ്രസിഡന്റ് ജോസ് കണിയാലി സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. ചിക്കാഗോ സേക്രട്ട് ഹാർട്ട് ക്നാനായ ഫൊറോനാ വികാരി ഫാ. അബ്രഹാം മുത്തോലത്ത് മുഖ്യപ്രഭാഷണം നടത്തി. മാവേലിയായി അരങ്ങിലെത്തിയ സ്റ്റീഫൻ ചൊള്ളമ്പേൽ എല്ലാവർക്കും ഓണാശംസകൾ നേർന്നു. കോട്ടയം സേക്രട്ട് ഹാർട്ട് സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ ജെസ്സി മൈക്കിൽ തൊട്ടിച്ചിറ ഓണസന്ദേശം നൽകി.

കെ.സി.സി.എൻ.എ. ജോയിന്റ് സെക്രട്ടറി സക്കറിയ ചേലക്കൽ, ക്നാനായ വിമൻസ് ഫോറം ദേശീയ പ്രസിഡന്റ് പ്രതിഭ തച്ചേട്ട് എന്നിവർ ആശംസാപ്രസംഗം നടത്തി. കെ.സി.എസ്. വൈസ് പ്രസിഡന്റ് റോയി നെടുംചിറ എം.സി ആയിരുന്നു. സെക്രട്ടറി ജീനോ കോതാലടിയിൽ സ്വാഗതവും ട്രഷറർ സ്റ്റീഫൻ കിഴക്കേക്കുറ്റ് കൃതജ്ഞതയും പറഞ്ഞു. സണ്ണി ഇടിയാലിൽ (ജോയിന്റ് സെക്രട്ടറി), റ്റിനു പറഞ്ഞാട്ട് (കെ.സി.സി.എൻ.എ. ആർ.വി.പി.) ഡെന്നി പുല്ലാപ്പള്ളിൽ (കലാപരിപാടി കോർഡിനേറ്റർ), ജോസ് സൈമൺ മുണ്ടപ്ലാക്കിൽ (ലെയ്സൺ ബോർഡ് ചെയർമാൻ), റ്റോമി കണ്ണാല (ലെജിസ്ലേറ്റീവ് ബോർഡ് ചെയർമാൻ), സിസ്റ്റർ സേവ്യർ, നീന പോട്ടൂർ (കിഡ്സ് ക്ലബ്), ഷോൺ മുല്ലപ്പള്ളിൽ (കെ.സി.വൈ.എൽ.), ഷാനിൽ വെട്ടിക്കാട്ട് (കെ.സി.ജെ.എൽ.), ജെക്സ് നെടിയകാലായിൽ (കെ.സി.വൈ.എൽ.എൻ.എ.), ജിബിറ്റ് കിഴക്കേക്കുറ്റ് (യുവജനവേദി), ഫിലിപ്പ് ഇലക്കാട്ട് (ഗോൾഡീസ്), മാത്യു പുളിക്കത്തൊട്ടിയിൽ (സീനിയർ സിറ്റിസൺ ഫോറം) എന്നിവരും സന്നിഹിതരായിരുന്നു.

മലബാർ കേറ്ററിംഗ് സർവീസ് തയാറാക്കിയ ഓണസദ്യയോടുകൂടിയാണ് പരിപാടികൾ ആരംഭിച്ചത്. സാബു ഇലവുങ്കൽ ചെണ്ടമേളത്തിന് നേതൃത്വം നൽകി. ജീവൻ തൊട്ടിക്കാട്ട്, ജെസ്‌ലിൻ മുറിപ്പറമ്പിൽ എന്നിവരായിരുന്നു കലാപരിപാടികളുടെ എം.സി മാർ. ഡെന്നി പുല്ലാപ്പള്ളിൽ കോർഡിനേറ്ററായിരുന്നു. ജോസ് മണക്കാട്ട്, ജീവൻ തൊട്ടിക്കാട്ട്, സെൽമ നെല്ലാമറ്റം, സിജി പണയപ്പറമ്പിൽ, നീന കുന്നത്തുകിഴക്കേതിൽ, ലൂസി കണിയാലി എന്നിവർ ആലപിച്ച പ്രാർത്ഥനാഗാനത്തോടെയാണ് സമ്മേളനം ആരംഭിച്ചത്. സാംസ്കാരികഘോഷയാത്രയ്ക്ക് സജി പൂതൃക്കയിൽ കമന്ററി നൽകി. അനിൽ മറ്റത്തിക്കുന്നേൽ, ഡൊമിനിക് ചൊള്ളമ്പേൽ എന്നിവർ മീഡിയ പ്രതിനിധികളായിരുന്നു. ഓണസദ്യയുടെ ക്രമീകരണങ്ങൾക്ക് ഗ്രേസി വാച്ചാച്ചിറയും, റിസപ്ഷൻ കമ്മറ്റിക്ക് ബൈജു കുന്നേലും നേതൃത്വം നൽകി.

Max Thachet's team are the champions, Edat's team is runner up

This is a beginning of a whole new era for KCS Sports. There have been sports events done in the the past but this time it was different. Normally basketball is the sports youngsters will be interested in but now it is evident that there are players in our community that would play any sport if given an opportunity. It proves that the forming of sports forum is probably one of the most effective ways to bring in the youngsters together under the name of KCS. There were players under the age of 10 , over the age of 40, there was spectators on the bleachers and there was noises in the air while the teams gain points and lose points. Overall it was the day for youngsters to celebrate along with the KCS community. After all this will probably put more serious thought in people's minds for the need of the dream project of KCS gym.

Cheriyathil and the KCYL president Shawn mullapally handed over the trophies. It was really nice of The KCYL president to also help us with registration.

The KCS executives were very supportive of bringing this tournament and it was there vision that became real and fulfilled dream of the KCS parents. We are so grateful to President Jose Kaniyaly. Vice President Roy Nedumchira, Gen secretary Geno Kothaladyil, Joint secretary Sunny Idayalil and treasure Stephen Kizakekutt for their support.

We also recognize Mr Bejoy Kappen and Mr James for referring the whole tournament without any personal benefit.

The sports forum committee has tried and worked shoulder to shoulder for the succes of this event. We the sports forum committee members Shiju Cheriyathil, Vice chairman Jose Idayalil and members Sibi Kadalimattom, Punnose thachatt, Nimi thuruthuvalil, jessmon puramadathil, Luke Alapattu, Mathew Thattamattam, Joy Thenakara Manoj Ammaikunnel and Saiju kizakekutt are so much thankful to each one of you for your support.We are looking forward for your cooperation for the upcoming tournaments.

"A special thanks to Shan Kadalimattom and Lerin Mathew for working diligently for the succes of this event. It was really remarkable to say their contributions was one of the main reason for the high turnout of the players and spectators. "

The game began with prayer and it was inaugurated by KCS president Mr. Jose Kaniyaly by receiving the ball from sports forum chairman Shiju Cheriyathil. There were a total of 6 team for high school and up and 4 teams for the middle schoolers. In both sections the games kept good quality and kept the spectators on edge. We literally had to wait till the last game of the pool to find out who is going in to the semis. The final four teams captains are Philip Edatt, Max thachet, Shawn Kadalimattom and Shane panayaparampil. At the end the team captain Max thachet won the title.

In the middle school section the champions were captained By Sanal Kadalimattom and the team mates are Isabel Cheriyathil, Serena Cheriyathil, Ben Ammaikunnel, Chelsea Ammaikunnel, Jaiden Kallidukkil and Jubin Vettikattil and the runners up are captained by Derek thachet and team mates are Briyana kalapurayil, Sam thuruthuvalil, Alexis Cheriyathil, Sarayah Cheriyathil and Shawn Chollampell . The Kcs president distributed the trophies for the champions and runners up.

The high school and up championship games begins around 7 pm for set 3 games. The runners up team consists of Neal Edatt, Paul Edatt, Philip Edatt., Pious Kandarappallil and Sijo James Kochamkunnel and the members of champions team consists of Max and Punnose Thachet, Sibi Kadalimattom, Nimi Thuruthuvalil Joy Thenakara and Jude Thekkaparampil. The presentation ceremony was hosted by Shiju

കെ.സി.എസ് സോഷ്യൽ ബോഡി യോഗം

കെ.സി. എസ് സോഷ്യൽ ബോഡി യോഗം ആഗസ്റ്റ് 30-ന് പ്രസിഡന്റ് ജോസ് കണിയാലിയുടെ അധ്യക്ഷതയിൽ ചേർന്നു. ക്നാനായ മൾട്ടി പർപ്പസ് സേർച്ച് കമ്മറ്റി ചെയർമാൻ ബിനു പൂത്തുറ, സേർച്ച് കമ്മറ്റി അംഗം സൻജു പുളിക്കത്തൊട്ടിയിൽ, ഹോഫ്മാൻ എസ്റ്റേറ്റ്സ് ക്നാനായ സിനിയർ ലിവിംഗ് ഹോംസ് കമ്മറ്റി ചെയർമാൻ ഷാജി എടാട്ട് എന്നിവർ റിപ്പോർട്ട് അവതരിപ്പിച്ചു. സിറിയക്ക് കൂവക്കാട്ടിൽ, ഫ്രാൻസിസ് കിഴക്കേക്കുറ്റ്, ഷാജി പുലിമലയിൽ, ഫിലിപ്പ് പുത്തൻപുരയിൽ എന്നിവർ ക്നാനായ സീനിയർ ലിവിംഗ് ഹോംസ് കമ്മറ്റി അംഗങ്ങളും, സിറിയക്ക് പുത്തൻപുരയിൽ, മാത്യു മാപ്ലേട്ട്, ജെസ്റ്റിൻ തെങ്ങനാട്ട്, അലക്സ് മുല്ലപ്പള്ളിൽ, സൻജു പുളിക്കത്തൊട്ടിയിൽ, ജോസ് മണക്കാട്ട് എന്നിവർ മൾട്ടിപർപ്പസ് സേർച്ച് കമ്മറ്റി അംഗങ്ങളുമാണ്.

ഹോഫ്മാൻ എസ്റ്റേറ്റ്സിൽ ക്നാനായ സീനിയർ ലിവിംഗ് ഹോംസ് സ്ഥാപിക്കുന്നതിനെക്കുറിച്ച്, സമുദായ അംഗങ്ങൾക്കിടയിൽ അഭിപ്രായ സർവ്വേ നടത്തുന്നതിനും, മൾട്ടി പർപ്പസ് സേർച്ച് കമ്മറ്റി, 1000 പേരെ ഉൾക്കൊള്ളിക്കുവാൻ സാധിക്കുന്നതിനും, അതിന് അനുയോജ്യമായ പാർക്കിംഗും ഉള്ള ബിൽഡിംഗ് ലഭ്യമാക്കുന്നതിനും യോഗം നിർദ്ദേശം നൽകി. കമ്മ്യൂണിറ്റി സെന്റർ, ഹോഫ്മാൻ എസ്റ്റേറ്റ്സ് പ്രോപ്പർട്ടി എന്നിവയെക്കുറിച്ച് താരതമ്യകമ്പോള പഠനം നടത്തുന്നതിന് അലക്സ് മുല്ലപ്പള്ളിയെ യോഗം ചുമതല പ്പെടുത്തി.

KCYL News

KCYL organized a trip to Six Flags, in which the youth had the opportunity to come together during the summer. This event was intended to bring the youth together and celebrate the last few days of summer. Many men and women came out and enjoyed the day by going on various rides. This past summer KCYL has been active in organizing a basketball tournament, youth night as well as six flags this summer. We have plenty more activities for the youth for the future!

CRICKET TOURNAMENT ON SEPT 19TH

Dear all .,

Sports Forum will be hosting a cricket tournament on September 19th at 2pm on Dee park. We are trying to divide players in to 4 Foranas based on the KCS Olympic guidelines. If you are interested in playing cricket please contact any of the sports forum committee members. We are looking forward to meet with you.

The cricket coordinator is Justin thenganatt Phone 847 287 5125.

Sports Forum chairman Shiju Cheriyathil 847 341 1088. Vice chairman Jose Idayalil 1 630-923-0172.

Thank you.
Sports Forum committee.

KCS Special Dates

September 20th, Sunday:
Knanaya Olympics
12pm-7pm
St. Paul Woods

October 10th, Saturday 7am: One day Bus Trip to St. Joseph City (Indiana)

October 24th, Saturday 9am:
Kalamela
Community Center

November 7th, Sat 6:30pm:
Knanaya Night
Taft High School Auditorium

November 8th Sun 6-9 pm
Womens Forum Seminar
for couples community Center

December 12th, Sat. 10am:
Annual General Body Meeting
Community Center

December 26th, Sat 6:30pm:
KCS Christmas Celebration
Community Center

Feb 11-15, 2016:
Western Caribbean Cruise

2016 Aug. 4-7
Knanaya Convention, Houston



ആദരാഞ്ജലികൾ

THANKACHAN PANAYAPARAMBIL

ആദരാഞ്ജലികൾ

MARY LUKOSE CHEMMACHEL

ആദരാഞ്ജലികൾ

ALICE JOSEPH MANIPARAMPIL

ആദരാഞ്ജലികൾ

MARY JOSEPH MADUKUTHEAL

ആദരാഞ്ജലികൾ



ANNAMMA THERVALAKATTAYIL

ആദരാഞ്ജലികൾ

MARIAMMA AKASALAYIL

ആദരാഞ്ജലികൾ

CHINNAMMA PAZHOOR

ആദരാഞ്ജലികൾ

MARYKUTTY VELLIAN













KCS

KNANAYA CATHOLIC SOCIETY OF CHICAGO
5110 N. Elston Ave., Chicago, IL 60630